# St.Thomas HS Koorachund

OUR VISION

We are dedicated to ensure that each student gains the knowledge and skills necessary to attain a prosperous future.

In partnership with parents and community we try to mould good qualities in children and teach them to cope up with the situations. We aim for creating a just and God-fearing society who break the shackles of fear, ignorance, narrow mindedness, untruth and all other evils.

VIRTUS ET SCIENTIA

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

### ആമുഖം

അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. സെൻറ് തോമസ് High School എന്ന ഞങ്ങളുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനായി മികച്ച പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളാണ് മാസ്റ്റർപ്ലാനിൽ തയ്യാറാക്കിയിട്ടുള്ളത്. സമഗ്ര വ്യക്തിവികാസത്തിലേക്ക് നയിക്കാനുതകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ഉറപ്പാക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങളാണ് ഈ വർഷം വിഭാവന ചെയ്തിട്ടുള്ളത്.

ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കിക്കൊണ്ട് അവരുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്ന ഒരു സമഗ്ര രേഖയാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

ഓരോ വിദ്യാർത്ഥിയെയും ഒരൊറ്റ യൂണിറ്റായി കണ്ടുകൊണ്ടുള്ള സമഗ്ര വികസനം ഉറപ്പുവരുത്തുക

ഗുണമേന്മയുള്ള വിദ്യാഭ്യാസം നടപ്പിലാക്കുക

ആരോഗ്യ ക്ഷമത ഉറപ്പുവരുത്തുക

കലാ പ്രവൃത്തി പരിചയ നൈപുണികൾ വികസിപ്പിക്കുക

ഭാഷാനൈപുണി വികസിപ്പിക്കുക

ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥിയെ സഹായിക്കുക

ഉത്തമ പൗരന്മാരായും ദേശസ്നേഹവും സഹജീവി സ്നേഹവും പരിസ്ഥിതി സംരക്ഷണ ബോധവും ഉള്ളവരായി പഠിതാക്കളെ രൂപപ്പെടുത്തുക

സാമൂഹ്യബോധമുള്ളവരായി വിദ്യാർത്ഥികളെ മാറ്റുക

ഗണിത പഠനം രസകരവും ജീവിതഗന്ധിയും ആക്കി മാറ്റുക

# മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1 പ്രീ ടെസ്റ്റ്<br>2 അക്ഷരം, ചിഹനങ്ങൾ, വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കുക<br>3.വാക്യങ്ങൾ എഴുതിയ കാർഡുകൾ , അടിക്കുറിപ്പ് തയ്യാറാക്കൽ<br>4 ഭാഷ പരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്" സന്തോം സ്റ്റാർസ്" എന്ന പേരിൽ പ്രത്യേക ക്ലാസ്സ് | 1 അക്ഷരക്കളരി<br>ഭാഷപരമായ പിന്നോക്കാ - വസ്ഥ പരിഹരിക്കൽ | 1 അക്കാദമിക വർഷം 2025 - 26 | 1 PTA അധ്യാപകർ |
| 1 ക്ലാസ്സ് ലൈബ്രറി രൂപീകരണം<br>2 വായനക്കൂട്ടം രൂപീകരണം<br>3 സ്കൂൾ ലൈബ്രറി രൂപീകരണം<br>4 ലൈബ്രറി പുസ്തക വിതരണം<br>5 പത്രവായന<br>6 പുസ്തക ചർച്ച | 2 വായനക്കളരി<br>കുട്ടിയെ മികച്ച വായനക്കാ - രനാക്കുക | 2 അക്കാദമിക വർഷം-2025-26 | 2 പിടി എ അധ്യാപകർ |
| 1 എഴുത്തുക്കൂട്ടം രൂപികരണം<br>2 വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>3 ചുമർ പത്രിക, പ്രതിപ്പ് തയ്യാറാക്കൽ<br>4 വ്യക്തിഗത രചന, സംഘ രചന<br>5 സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | 3 എഴുക്കൂട്ടം<br>കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക | 3 അക്കാദമിക വർഷം 2025-26 | 3 പി ടി എ അധ്യാപകർ |
| 1 പ്രസംഗ പരിശീലനക്കളരി<br>2 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കിഅവതരിപ്പിക്കുക. | 4 പ്രസംഗ കളരി<br>സദസ്സിനെഅഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 4 6 മാസം (ജൂലൈ - ഡിസംബർ) | 4 പി. ടി എ അധ്യാപകർ, ട്രെയിനർ |

# English

| Activities | Aim | Duration | Responsibility |
|---|---|---|---|
| Read short stories public speakings symbol language games in English news reading competition English assembly skit puppet show. Give chance to listen to English audio clips competition for classification and recitation. Book review screening of English short films class magazine | To speak and read effectively in English<br>To take the leadership and get involved in active<br>Develop skill in versification and recitation.<br>To develop reading and listening skills<br>To develop skin in creative writing.<br>Activities | In classrooms along with other activities | Class teacher, English teacher, parents ,SRG |

## ഹിന്ദി

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| വായനാകാർഡ് നിർമ്മാണം, ഹിന്ദി ദിനാചരണങ്ങൾ, ഹിന്ദി വാർത്താ വായന എന്നിവ സംഘടിപ്പിക്കുന്നു | എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷി ഉറപ്പുവരുത്തുക | 1 വർഷം | ഹിന്ദി അധ്യാപകർ |
| ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം | ഹിന്ദി ഭാഷയോട് അഭിരുചി വർദ്ധിപ്പിക്കുക | 1 വർഷം | ഹിന്ദി അധ്യാപകർ |
| ഹിന്ദി വിദഗ്ധരുമായി ആശയ വിനിമയം നടത്താനുള്ള അവസരം. | ഹിന്ദി അന്തരീക്ഷം ഉറപ്പാക്കുക | 1 വർഷം | ഹിന്ദി അധ്യാപകർ |

# <u>ഗണിതം</u>

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1) 'ഒപ്പത്തിനൊപ്പം' പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ. | 1)ആശയ ധാരണ കൈവരിക്കൽ | 1) ജൂൺ ആദ്യവാരം | 1) അധ്യാപകർ, ഗണിതത്തിലെ അടിസ്ഥാനം ലഭിച്ച കുട്ടികൾ കുട്ടികൾ |
| 2) ജോമട്രിക്കൽ പാറ്റേൺ തയ്യാറാക്കൽ | 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | 2) ജൂൺ അവസാനവാരം | 2)അധ്യാപകർ |
| 3) ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | 3) Ist term | 3) അധ്യാപകർ,പിടിഎ |
| 4) ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ,അളവുകൾ ഇവ പരിചയപ്പെടൽ പ്രവർത്തനങ്ങൾ | 4)വർഷത്തിൽ ഒന്ന് | 4) അധ്യാപകർ,ഗണിത ക്ലബ്ബ് അംഗങ്ങൾ |

# ബയോളജി

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1. വൃക്ഷത്തൈ നടീൽ | | ജൂൺ 5 | അധ്യാപകർ |
| 2. ക്വിസ് | | * പരിസ്ഥിതി ദിനം | അധ്യാപകർ,പിടിഎ |
| പോസ്റ്റർ നിർമ്മാണം | | ജൂലൈ 21 | |
| * ചാന്ദ്ര മനുഷ്യനുമായി * അഭിമുഖം | | * ചാന്ദ്രദിനം | |
| | | ഓഗസ്റ്റ് 13 | |
| ഡോക്ടറുമായി അഭിമുഖം | | * അവയവദാന ദിനം | |
| | | ഒക്ടോബർ 1 | |
| ബ്ലഡ് ഗ്രൂപ്പ് നിർണ യം | | രക്തദാന ദിനം | |
| പക്ഷി നിരീക്ഷണ കുറിപ്പ് | | നവംബർ 12 | |
| | | * പക്ഷി നിരീക്ഷണ ദിനം | |
| ജീവിതശൈലി | രോഗങ്ങൾ | നവംബർ 14 | |
| ബോധവൽക്കരണം | | * പ്രമേഹ ദിനം | |
| ബാഡ്ജ് ധരിക്കൽ | | ഡിസംബർ 1 | |
| | | * എയ്ഡ്സ് ദിനം | |
| 1. ശാസ്ത്ര സെമിനാറുകൾ | | ഫെബ്രുവരി 28 | |
| 2.ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ. | | * ശാസ്ത്ര ദിനം | |

# ഫിസിക്കൽ സയൻസ്

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| സയൻസ് ലാബ് നവീകരണം | പാഠപുസ്തകങ്ങൾ മാറിയ സാഹചര്യത്തിൽ ലാബിലേക്ക് ആവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കുക. പഠനപ്രക്രിയ പ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിമയം ചെയ്യുക. | ജൂലൈ | അധ്യാപകർ<br>അധ്യാപകർ,പിടിഎ |
| ശാസ്ത്രമേള നടത്തുന്നു ( ഫിസിക്സ്, കെമിസ്ട്രി പാഠഭാഗവുമായി ബന്ധപ്പെട്ട ആപ്ലിക്കേഷൻ ലെവൽ ) | കുട്ടികളിൽ ശാസ്ത്ര കൗതുകം, ശാസ്ത്ര ആഭിമുഖ്യം എന്നിവ വളർത്തുന്നതിന് . | ആഗസ്റ്റ് | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ശില്പശാല നടത്തുന്നു ( അപവർത്തനം, അനുനാദം, ചലന നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടത്) | കുട്ടികളിൽ ശാസ്ത്ര അഭിരുചി, ശാസ്ത്രബോധം, ശാസ്ത്ര ആഭിമുഖ്യം എന്നിവ വളർത്തുന്നതിന് | സെപ്റ്റംബർ ഒക്ടോബർ | |
| പ്ലാനിറ്റോറിയം സന്ദർശനം | വിദ്യാർത്ഥികളിൽ ശാസ്ത്ര കൗതുകം ഉണർത്തുക .പുത്തൻ ആശയങ്ങൾ ഉൾക്കൊണ്ട് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുക. ശാസ്ത്ര മേഖലകളിൽ ഗവേഷണം നടത്താൻ തൽപ്പരരാക്കുക | ഒക്ടോബർ നവംബർ | |
| സോപ്പ് നിർമ്മാണം ( പ്രധാനമായും സയൻസ് ക്ലബ്ബിലെ കുട്ടികൾക്ക് ) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻറെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും, സയൻസ് പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കുന്നതിനും. | ജനുവരി | |

# സാമൂഹ്യ ശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
| --- | --- | --- | --- |
| ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | പഠിതാക്കളിൽ ചരിത്രാവബോധം വളർത്തുക | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| സ്കൂൾപാർലമെൻറ്, ക്ലാസ് സഭ | ജനാധിപത്യം ജീവിതശൈലി ആക്കി മാറ്റുക | ജനാധിപത്യം ബോധം ഉണർത്തുന്ന ആചരിക്കുന്ന പ്രത്യേക ദിനങ്ങളിൽ | |
| സ്മാർട്ട് ലാബ്, ശാസ്ത്ര ലാബ് ക്രമീകരിക്കുന്നു.മാപ്പുകൾ ഗ്ലോബ്, ചാർട്ടുകൾ എന്നിവ സജ്ജീകരിക്കുന്നു. | സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക | വർഷം മുഴുവനും | ക്ലബ്ബ് |
| വിദഗ്ധരുടെ ക്ലാസുകൾ,സംവാദം, പാനൽ ചർച്ചകൾ ,എന്നിവയിലൂടെ കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ വളർത്തുന്നു | മതേതരത്വം/ സഹിഷ്ണുത എന്നിവ വളർത്തുക | | |
| വിവിധ സ്ഥലങ്ങളിൽ നിന്ന് മണ്ണ് ശേഖരിച്ച വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ച് അറിവ് നേടുന്നു. | വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ചും,കാലാവസ്ഥകളെക്കുറിച്ചും അറിവുകൾ നേടുക | | |

# കലാ വിദ്യാഭ്യാസം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1 - a) കുട്ടികൾ അവരുടെ അഭിരുചിക്കനുസരിച്ചുള്ള ക്ലബ്ബുകളിൽ അംഗങ്ങളാകുന്നു<br>b) ടാലന്റ് ലാബിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നു.<br>c) ചിത്രം, സംഗീതം,നൃത്തം,അഭിനയം, സിനിമ എന്നിവയിൽ ഓരോ ടേമിലും ശില്പശാലകൾ നടത്തുന്നു.- | 1. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളെയും കലാമേളകളിൽ പങ്കെടുക്കുന്നതിനു വേണ്ടി പ്രാപ്തരാക്കി മാറ്റുക.<br>2. കുട്ടിക കുട്ടികളുടെ കലാവിഷ്കാരങ്ങൾ പ്രദർശിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | (1 മാസം ) | 1.കലാധ്യാപകർ<br>2. വിദഗ്ധ സമിതി |
| 2 - a) ആർട്ട് ഗാലറി സജ്ജമാക്കുന്നു -<br>b) പ്രതിമാസം കുട്ടികളുടെ ചിത്രശില്പ പ്രദർശനങ്ങൾ<br>c) ലോക പ്രശസ്ത ചിത്രകാരൻമാരുടെ ചിത്രങ്ങൾ പ്രദർശനം<br>d)അധ്യാപകരുടെ ചിത്രശില്പ പ്രദർശനങ്ങൾ | 3. കുട്ടികൾക്ക് ആസ്വദിക്കുവാനും അനുകരിക്കുവാനും കഴിയുന്ന വിധത്തിൽ ക്യാമ്പസിനെ ചിത്രശില്പങ്ങൾ കൊണ്ട് ഭംഗിയാക്കുക. | | |
| 3 - a) സ്കൂൾ മുറ്റത്ത് ആകർഷകമായ ശില്പങ്ങൾ നിർമ്മിക്കുക<br>b) ക്ലാസ് ചുമരിൽ ആകർഷകമായ ചിത്രങ്ങൾ ഒരുക്കുക<br>c) ആധുനികരീതിയിലുള്ള അബ്സ്ട്രാക്റ്റ് ശില്പങ്ങൾ നിർമ്മിക്കുക. | 4. ടാലന്റ് ലാബ് ആവിഷ്കരിക്കുക. | ( ഓരോ ടേമിലും - 1 ) | |
| 4-a) കുട്ടികളെ കഴിവിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു<br>b) ഓരോ ടേമിലും ഓരോ വിഭാഗത്തിൽ ഒരു ശില്പശാല നടത്തുന്നു<br>c) സബ്ജില്ല , ജില്ല, സംസ്ഥാന മേളകളിലേയ്ക്കുള്ള വിദഗ്ധ പരിശീലനം | | (1 വർഷം) | |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| മാലിന്യ സംസ്കരണ രീതികളെ കുറിച്ചുള്ള പഠനം | സ്കൂളിലെ മുഴുവൻ കുട്ടികളിലേക്ക് ഒരു തൊഴിൽ എന്ന ആശയം എത്തിക്കുക. | ജൂൺ മുതൽ ഡിസംബർ വരെ | അധ്യാപകർ,പിടിഎ |
| പ്രവർത്തിപരിചയ മേള<br>കഴിവുള്ള കുട്ടികളെ തിരഞ്ഞെടുത്ത പരിശീലനം നൽകുന്നു. | | ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | |
| പാഠപുസ്തകം പരിചയം<br>ഓരോ നിശ്ചിത കാലയാളവിലും, മാലിന്യ സംസ്കരണം, വിവിധ  തരം ഡയിങ് രീതികളെ പരിചയപെടുത്തുന്നു, പേപ്പർ ക്യാരി ബാഗുകളുടെ നിർമാണം, അലങ്കര തുന്നലുകൾ പരിചയപ്പെടൽ എന്നിവ നടത്തുന്നു | | ജൂൺമുതൽ ഫെബ്രുവരി വരെ | |

## കായിക വിദ്യാഭ്യാസം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| കായിക പഠനത്തിന് താല്പര്യം ഉള്ള കുട്ടികളെ കണ്ടെത്തൽ ഇനം നിശ്ചയിക്കൽ | കായിക പഠനത്തിൽ സാവിശേഷ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തൽ | ജൂൺ | കായികദ്ധ്യാപകൻ |
| നിശ്ചിത മേഖലയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള പ്രവർത്തനം | വിദ്യാലയത്തിലെ മുഴവൻ കുട്ടികൾക്കും aerobicks, zoomba, പരിശീലനം ഉറപ്പ് വരുത്തുക | ജൂൺ to ഓഗസ്റ്റ് | പരിശീലകർകായിക സമിതി |
| ഓരോ ഇനങ്ങൾക്കും ഉപസമിതിയെ കണ്ടെത്തൽ രക്ഷിതാവ്, pet teacher, പൂർവവിദ്യാർഥി, പരിശീലകൻ | ഫുട്ബോൾ, അതിലെറ്റിക്സ് മേഖലയിൽ നിരന്തരവും ഗുണമെന്മ ഉള്ളതുമായ പരിശീലനം ഉറപ്പാക്കുന്നതിന് | ജൂൺ to ഡിസംബർ | പരിശീലകർ<br>കായികദ്ധ്യാപകൻ |
| ഓരോ ഇന്നതിലുള്ള കുട്ടികളുടെയും ഉപസമിതി അംഗങ്ങളുടെയും പേരുവിവരം രജിസ്റ്റർ തയ്യാറാക്കൽ | | | |

PTA യുടെ സഹകരണത്തോടെ പരിശീലകരെ കണ്ടെത്തി സ്കൂളിലെ മുഴവൻ കുട്ടികൾക്കും aerobicks, സൂംബ പരിശീലനം

ജൂൺ മാസം മുതൽ കഴിഞ്ഞ വർഷം ക്യാമ്പിൽ ഉണ്ടായിയുന്നവർക്ക് പരിശീലനം ആരംഭിക്കുന്ന അതോടൊപ്പം പുതിയ കുട്ടികളെ സെലക്ഷൻ നടത്തി ക്യാമ്പിലേക്ക് ഉൾപെടുത്തുന്നു.

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഗുണമേന്മ വിദ്യാഭ്യാസം എന്നീ ആശയങ്ങളോട് ചേർന്ന് നിന്നുകൊണ്ടുതന്നെ ഓരോ വിദ്യാർത്ഥിയുടെയും സമ്പൂർണ്ണ വികാസം സാധ്യമാകുന്ന രീതിയിൽ പഠനപ്രവർത്തനങ്ങളും, പഠനാനുബന്ധപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യാനുള്ള തീവ്ര ശ്രമങ്ങളാണ് സെന്റ്തോമസ് ഹൈസ്കൂൾ കുരാച്ചുണ്ട് ആരംഭിച്ചിരിക്കുന്നത്. ഒരു നാടിന്റെ വളർച്ചയുടെ നെടുംതൂണുകൾ ആണ് വിദ്യാലയങ്ങൾ. അതിനാൽ തന്നെ വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികാസത്തോടൊപ്പം സമൂഹത്തിന്റെയും, നാടിന്റെയും പുരോഗതി നമ്മുടെ ലക്ഷ്യങ്ങൾ തന്നെയാണ്. ഇത്തരം മഹത്തായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഉതകുന്ന രീതിയിൽ തയ്യാറാക്കിയിരിക്കുന്ന പഠന പ്രവർത്തനരേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ .